"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സൈനിക ക്ഷേമ വകുപ്പ്-പത്തനംതിട്ട ജില്ലാ സൈനിക ക്ഷേമ ഓഫീസറായ ശ്രീ.ഷിജു ഷെരീഫ് (പെൻ-132920) നെ സൈനിക ക്ഷേമ ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടറായി 01.11.2025 മുതൽ മാറ്റി നിയമിച്ചുകൊണ്ടും, സൈനിക ക്ഷേമ ഡയറക്ടർ ഇൻ ചാർജ്ജ് ന്റെ പൂർണ്ണ അധിക ചുമതല നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.66/2025/SWD തീയതി,തിരുവനന്തപുരം, 23-10-2025

---

പരാമർശം:-
1. 23.09.2024 ലെ സ.ഉ.(സാധാ)നം.48/2024/സൈ.ക്ഷേ.വ ഉത്തരവ്.
2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ് ന്റെ 20.08.2025, 19.09.2025 തീയതികളിലെ ഡി.എസ്.ഡബ്ല്യു/812/2025-എ1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സൈനിക ക്ഷേമ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറും, ഡയറക്ടർ ഇൻ ചാർജ്ജുമായ ശ്രീമതി ഷീബ രവി 31.10.2025 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ, നിലവിൽ ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിലെ സീനിയർ മോസ്റ്റും പാലക്കാട്, തൃശ്ശൂർ, പത്തംതിട്ട ജില്ലകളിൽ ജില്ലാ സൈനിക ക്ഷേമ ഓഫീസറായി പ്രവർത്തിപരിചയമുള്ളതുമായ ശ്രീ.ഷിജു ഷെരീഫ്(പെൻ -132920) നെ സൈനിക ക്ഷേമ ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടറായി നിയമിച്ച് ടിയാന് ഡയറക്ടർ ഇൻ ചാർജ്ജിന്റെ പൂർണ്ണ അധിക ചുമതല നൽകുന്നതിനും, പത്തനംതിട്ട ജില്ലാ സൈനിക ക്ഷേമ ഓഫീസറായ ശ്രീ.ഷിജു ഷെരീഫ് ന് ഡെപ്യൂട്ടി ഡയറക്ടർ/ഡയറക്ടർ ഇൻ ചാർജ്ജായി സ്ഥലംമാറ്റം നൽകുന്ന സാഹചര്യത്തിൽ കൊല്ലം ജില്ലാ സൈനിക ക്ഷേമ ഓഫീസർ ശ്രീ.സന്തോഷ് വി.ആർ (പെൻ 867936) ന് പത്തനംതിട്ട ജില്ലാ സൈനിക ക്ഷേമ ഓഫീസറുടെ പൂർണ്ണ അധിക ചുമതല നൽകുന്നതിനും ഡയറക്ടർ ഇൻ ചാർജ്ജ് പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വകുപ്പിലെ ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിൽ സീനിയർ മോസ്റ്റായ പത്തനംതിട്ട ജില്ലാ സൈനിക ക്ഷേമ ഓഫീസർ ശ്രീ.ഷിജു ഷെരീഫ് (പെൻ -132920) നെ സൈനിക ക്ഷേമ ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടറായി 01.11.2025 മുതൽ മാറ്റി നിയമിച്ചുകൊണ്ടും, ടിയാന് ഡയറക്ടർ ഇൻ

ചാർജ്ജ് ന്റെ പൂർണ്ണ അധിക ചുമതല നൽകിയും, പത്തനംതിട്ട ജില്ലാ സൈനിക ക്ഷേമ ഓഫീസറുടെ പൂർണ്ണഅധിക ചുമതല 01.11.2025 മുതൽ കൊല്ലം ജില്ലാ സൈനിക ക്ഷേമ ഓഫീസറായ ശ്രീ.സന്തോഷ് വി.ആർ(പെൻ.867936) ന് നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ ഇൻ ചാർജ്ജ്, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. ശ്രീമതി ഷീബ രവി, ഡയറക്ടർ ഇൻ ചാർജ്ജ്, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ.ഷിജു ഷെരീഫ്, ജില്ലാ സൈനിക ക്ഷേമ ഓഫീസർ, ജില്ലാ സൈനിക ക്ഷേമ ഓഫീസ്, പത്തനംതിട്ട
4. ശ്രീ.സന്തോഷ് വി.ആർ, ജില്ലാ സൈനിക ക്ഷേമ ഓഫീസർ, ജില്ലാ സൈനിക ക്ഷേമ ഓഫീസ്, കൊല്ലം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള തിരുവനന്തപുരം.
7. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
8. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Cuckoo Abraham
Date: 23-10-2025 11:49:44
സെക്ഷൻ ഓഫീസർ